9 -ാം വർഷം
2025
ആഗസ്റ്റ് 17
കൈത്താ നാലാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# മനുഷ്യനാകണം

നിയമാവർത്തനം 5: 16-24, ഏശയ്യാ 9: 13-21, 2 കൊറി 10: 12-18, മാർക്കോസ് 7: 1-13

മിനിമം ഒരു ക്രിസ്ത്യൻ പേരും, മാമ്മോദീസായും ഉണ്ടെങ്കിൽ, തങ്ങൾ ക്രിസ്ത്യാനി ആയി എന്ന് ലളിതമായി കരുതുന്നവർ ആണ് ഒരുപാടു ക്രൈസ്തവർ. ഇന്നത്തെ വായനകൾ, പ്രത്യേകിച്ച് ലേഖനവും, സുവിശേഷവും ആരാണ് ഒരു ക്രൈസ്തവൻ എന്ന പ്രസകതമായ ഒരു ചോദ്യം ഉന്നയിക്കുന്നുണ്ട്. രണ്ടു യോഗ്യത കളാണ് ഒരു ക്രൈസ്തവന് വേണ്ടത് എന്ന് ഈ വചനഭാഗങ്ങൾ പറഞ്ഞു വയ്ക്കുന്നു. ഒന്ന് ക്രിസ്തു പ്രശംസി ക്കുന്നവനാണ് ഒരു ക്രിസ്ത്യാനി. രണ്ടു ക്രിസ്തുവിന്റെ ഹൃദയത്തോട് ചേർന്ന് നിൽക്കുന്നവൻ ആണ് അവൻ/ൾ. ക്രൈസ്തവജീവിതത്തിന്റെ അന്തസത്തയിലേക്ക് ഈ വായനകൾ നമ്മെ കൊണ്ടുപോകുന്നുണ്ട്.

## അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ

നാമെല്ലാവരും നമ്മെ കുറിച്ച് വലിയ മതിപ്പുള്ളവർ ആണ്. എല്ലാറ്റിന്റെയും കേന്ദ്രം നമ്മളാണെന്നു വിചാരിച്ചു നടക്കുന്ന ഒരുപാടു മനുഷ്യരുടെ ചുറ്റും ആണ് നാം ജീവിക്കുന്നത്. ചുറ്റുമുള്ളത് എല്ലാം വെട്ടിപ്പിടിക്കാൻ ഉള്ള ത്വര മനുഷ്യന് എക്കാലത്തും ഉണ്ട്. വെട്ടിപ്പിടി ക്കുന്നത് ആണ് മനുഷ്യനറെ ഏറ്റവും അടിസ്ഥാന സ്വഭാവം എന്ന് പ്രസിദ്ധ എഴുത്തുകാരൻ ആയ എലിയാസ് കാനെറ്റി (ഋഹശമെ ഇമിലശേ) പറഞ്ഞു. നമ്മുടെ അഭിമാനത്തിന്റെയും വലിപ്പത്തിന്റെയും ഒക്കെ അടിസ്ഥാനം നമ്മുടെ സ്വത്തും പ്രൗഢിയും അധികാരവും ഒക്കെ ആണെന്നുള്ള ചിന്ത അതുകൊണ്ടു തന്നെ മനുഷ്യനിൽ പ്രബലമാണ്. ഇതിൽ നിന്നും വ്യത്യസ്തമായി അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ എന്ന് പൗലോസ് പറഞ്ഞു വയ്ക്കുന്നു. അതുപോലെ തന്നെ, തന്നെത്തന്നെ



ബോബി ജോർജ്

പ്രശംസിക്കുന്നവനല്ല, മറിച്ചു കർത്താവു പ്രശംസിക്കുന്നവനാണ് സ്വീകാര്യൻ ( 2 കൊറി 10 : 17-18). സാധാരണ മാനുഷിക ചിന്തകളെ നയിക്കുന്നത്, ചില ലളിതമായ വലിപ്പ ചെറുപ്പ സങ്കല്പങ്ങളാണ്. അധികാരവും സമ്പത്തും സ്വാധീനവും സൗന്ദര്യവും ഒക്കെ ഉള്ളവനാണ് കൂടുതൽ നിലയും വിലയും എന്ന ഒരു ധാരണ ഉണ്ട്.

ഇതൊന്നും ഇല്ലാത്തവന് എന്താണ് അഭിമാനിക്കുവാൻ ഉള്ളത് എന്നതാണ് ചോദ്യം. പക്ഷെ, ക്രിസ്തുവിന്റെ പ്രശംസയുടെ മാനദണ്ഡങ്ങൾ വേറെയാണ്. മറിയത്തിന്റെ സ്തോത്രഗീതം ഓർക്കുക. അത് എളിയവരെ ഉയർത്തുന്ന ദർശനമാണ് (ലൂക്ക 1: 52). അത് അധികാരത്തിന്റെയും സമ്പത്തിന്റെയും മുന്നിൽ മുട്ട് മടക്കാത്ത ഒരു വ്യവസ്ഥിതി ആണ്. എന്താണ് ക്രിസ്തുവിൽ ഉള്ള അഭിമാനത്തിന്റെ അളവുകൾ? അത് സ്നേഹം കൊണ്ട് നമ്മൾ എത്ര ജീവിതങ്ങളെ മാറ്റി എന്നതാണ്. അത് നമ്മുടെ നിസ്സാരതയെ നമ്മൾ എത്രമാത്രം മനസ്സിലാക്കി എന്നതാണ്. സത്യവും നുണയും നമ്മുടെ മുന്നിൽ വന്നു നിൽക്കുമ്പോൾ, കൂടുതൽ ആലോചിക്കാതെ, സത്യത്തോട് ചേർന്ന് നിൽക്കുന്നവനെ യാണ് ക്രിസ്തു പ്രശംസിക്കുക. ദരിദ്രനെയും അടിച്ചമർത്തപ്പെട്ടവനെയും ചേർത്ത് നിർത്തുന്നവനെയാണ് ക്രിസ്തു അംഗീകരിക്കുക. എല്ലാവരും കൂടുതലായി അവനവനിലേക്ക് ചുരുങ്ങുന്ന ഒരു കാലഘട്ടത്തിൽ കൂടിയാണ് നമ്മൾ കടന്നു പോകുന്നത്. നമ്മൾ തന്നെ രാജാവും പ്രജയും ആകുന്ന നമ്മുടെ ലോകം. മനുഷ്യൻ ചെയ്യുന്നത് എല്ലാം ചെയ്യാൻ സാധിക്കുന്ന യന്ത്രങ്ങളെ നാം റെഡി ആക്കുന്നുണ്ട് . ഇവിടെ ഉയരുന്നപ്രധാന ചോദ്യം എന്താണ് മനുഷ്യൻ എന്നതാണ് ? മനുഷ്യൻ എന്തിനാണ് ദേവാലയത്തിൽ പോകുന്നത് എന്നതിന് രസകരമായ ഒരു ഉത്തരമുണ്ട്. അത് ഇതാണ് . മനുഷ്യൻ ദൈവം അല്ല എന്ന് ഇടയ്ക്കിടെ ഓർക്കാൻ ആണ് അത്.

മനുഷ്യൻ ആണ് എന്നതിന്റെ മാനദണ്ഡം, ക്രിസ്തുവിനു പ്രശംസിക്കാൻ പറ്റിയ ഒരാൾ ആയി ഒരുവൻ മാറിയോ എന്നതാണ് എന്ന് വരുംഗ. My boss is a jewish carpenter എന്ന് എഴുതിയ ടീ ഷർട്ട് ഇട്ടു നടക്കുന്ന പലരെയും നമ്മൾ കണ്ടിട്ടുണ്ടാവും. ആ കാർപെന്റർ നെ ഓർത്തു അഭിമാനിക്കാൻ നമുക്ക് സാധിക്കുമ്പോൾ, അതുപോലെ ആ കാർപെന്റർനു നമ്മെ പ്രശംസിക്കാൻ സാധിക്കുമ്പോൾ ആണ് നമ്മൾ മനുഷ്യൻ എന്ന പരീക്ഷയിൽ വിജയിക്കുന്നത്.

## അധരവും ഹൃദയവും

വിശുദ്ധ മർക്കോസിന്റെ സുവിശേഷത്തിൽ നിന്നുള്ള ഇന്നത്തെ വായന നമ്മെ കൊണ്ട് പോകുന്നത് ഒരു പക്ഷെ വിശുദ്ധ ഗ്രന്ഥത്തിലെ മതത്തിന്റെ മനുഷ്യനും ക്രിസ്തുവിന്റെ മനുഷ്യനും തമ്മിലുള്ള വിത്യാസം ഏറ്റവും മനോഹരമായി പറയുന്ന ഒരിടത്തേക്കാണ്. "ഈ ജനം അധരങ്ങൾ കൊണ്ട് എന്നെ ബഹുമാനിക്കുന്നു, എന്നാൽ അവരുടെ ഹൃദയങ്ങൾ എന്നിൽ നിന്ന് വളരെ ദൂരെയാണ്" (മർക്കോസ് 7 : 6). അധരങ്ങൾ കൊണ്ട് മാത്രം മതം അനുഷ്ഠിക്കുന്ന മനുഷ്യനെ രണ്ടായിരം വർഷം മുമ്പ് തന്നെ യേശു മനസ്സിൽ കണ്ടിരുന്നു. ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ആണ് ഇവിടെ യേശു ഉദ്ധരിക്കുന്നത്. (ഏശയ്യാ 29 : 13) ആ അധ്യായത്തിൽ ഇതിനോട് ചേർന്ന് വരുന്ന കുറച്ചു വാക്യങ്ങൾ കൂടി ശ്രദ്ധേയമാണ്. ഏശയ്യാ പറയുന്നു. "എന്റെ നേർക്കുള്ള ഇവരുടെ ഭക്തി മനഃപാഠമാക്കിയ മാനുഷിക നിയമമാണ്. തങ്ങളുടെ ആലോചനകളെ അവർ കർത്താവു കാണാതെ ഒളിപ്പിച്ചു വയ്ക്കുകയും, തങ്ങളുടെ പ്രവർത്തികൾ അന്ധകാരത്തിൽ നടത്തുകയും ഞങ്ങളെ ആര് കാണും, ഞങ്ങളെ ആര് അറിയുകയും ചെയ്യും എന്ന് ചോദിക്കുകയും ചെയ്യുന്നവർക്ക് ദുരിതം" (ഏശയ്യാ 29 :15). മതം മനുഷ്യന് എന്താണ് എന്ന ചോദ്യം വളരെ പഴയതാണ്. ഒരുപാടു പേരെ സംബന്ധിച്ചിടത്തോളം, അത് ആചാരങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും വിശ്വാസസംഹിതകളുടെയും ഒരു കൂട്ടം മാത്രമാണ്. ആദിമകാലം മുതൽ മനുഷ്യൻ കണ്ടു പരിചയിച്ച ഒന്നാണ് ഇത്. അവർക്കു ദൈവം എന്നത് നിയമങ്ങൾ തരുന്ന ഒരാൾ മാത്രമാണ്. മനുഷ്യന്റെ ആരാധനയും, പൂജകളും മാത്രം പ്രതീക്ഷിച്ചു, നമ്മൾക്ക് സങ്കൽപ്പിക്കാൻ പറ്റാത്ത ദൂരത്തു എവിടെയോ ജീവിക്കുന്ന അദൃശ്യരൂപിയാണ് മഹാഭൂരിപക്ഷത്തിനും ദൈവം എന്നത്. ഇങ്ങനെ ഒക്കെ വിശ്വസിച്ചിരുന്ന മനുഷ്യരുടെ ഇടയിലേക്കാണ് ക്രിസ്തു വ്യത്യസ്തനായ ഒരു ദൈവത്തെ അവതരിപ്പിച്ചത്. നിയമത്തിന്റെ ഭാഷ മാത്രം പരിചയിച്ച മനുഷ്യർക്ക്, ഹൃദയത്തിന്റെ ഭാഷ സംസാരിച്ച ആളെ മനസ്സിലാക്കാൻ സാധിച്ചില്ല. അധര വ്യായാമങ്ങളുടെ മതത്തിൽ നിന്നും, വ്യത്യസ്തമായ ഒരു മതത്തെ ക്രിസ്തു അവർക്കു പരിചയപ്പെടുത്തി. മനഃപാഠമാക്കിയ മാനുഷിക നിയമങ്ങൾ അല്ല, ഹൃദയത്തിൽ നിന്നൊഴുകുന്ന സ്നേഹം കൊണ്ടാണ് ഒരാൾ ദൈവത്തിനു പ്രീതിയുള്ളവൻ ആകുന്നതു എന്നത് വിപ്ലവകരമായ ചിന്തയായിരുന്നു.

## വാക്കും പ്രവർത്തിയും

ഏറ്റവും സൗകര്യപ്രദമായതു തേടിപ്പോകുന്നവർ ആണ് മനുഷ്യൻ പൊതുവെ. അധ്വാനം, ത്യാഗം എന്നത് ഒക്കെ നമുക്ക് പ്രയാസമാണ്. ഒരു മതമനുഷ്യൻ ആയിരിക്കുക താരതമ്യേന എളുപ്പമുള്ള കാര്യമാണ്. നമ്മെ തന്നെ വഞ്ചിച്ചു കൊണ്ട്, മറ്റുള്ളവരെ കാണിക്കാൻ വേണ്ട കാര്യങ്ങൾ മാത്രം ചെയ്തു കൊണ്ട് മതം അനുഷ്ഠിക്കുക എളുപ്പമാണ്. അപ്പോൾ മതം എന്നത് വാക്ക് മാത്രം ആയിപ്പോകും. വാക്കു മാത്രം ആയിപ്പോകുന്ന, പ്രവർത്തി ഇല്ലാത്ത മതം വിശുദ്ധ ഗ്രന്ഥത്തിൽ കടുത്ത വാക്കുകൾക്കു കാരണമാകുന്നുണ്ട്.

പ്രവർത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജ്ജീവമാണ് എന്ന് യാക്കോബ് പറഞ്ഞു വച്ചു. (യാക്കോബ് 2: 17) കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന്, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല എന്ന് യോഹന്നാൻ എഴുതി (1 യോഹന്നാൻ 4: 20). മത്തായിയുടെ സുവിശേഷം 25 ആം അധ്യായത്തിൽ, മനുഷ്യജീവിതത്തിന്റെ കണക്കെടുപ്പ് വിവരിക്കുന്നുണ്ട്. അതിൽ കൈ വിരിച്ചു പിടിച്ചു ചൊല്ലിയ പ്രാർത്ഥനകളും കണ്ട കുർബാനകളും നൊവേനകളും അനുഷ്ഠിച്ച നിയമങ്ങളും വരുന്നില്ല. അത് നമ്മൾ ചെയ്തതിന്റെ മാത്രം കണക്കാണ്. ഉരുവിട്ട വാക്കുകളുടെ എണ്ണം അവിടെ എടുക്കുന്നില്ല.



കാഴ്ചക്കാർ ഇല്ലാതെ, ഹൃദയത്തിന്റെ സ്വരം മാത്രം കേട്ട് ചെയ്തതിന്റെ കണക്കുകൾ ആണ് അത്. നിന്റെ സമ്പത്തു വിറ്റു ദാനം ചെയ്യാൻ പറഞ്ഞപ്പോ സങ്കടത്തോടെ തിരിച്ചു പോയ ധനികനായ യുവാവിനെ നാം ബൈബിളിൽ കാണുന്നുണ്ട്. ( മത്തായി 19:16-22)

## മനുഷ്യനാകണം

മുരുകൻ കാട്ടാക്കടയുടെ പ്രശസ്തമായ ഒരു കവിതയുണ്ട് . "മനുഷ്യനാകണം". യന്ത്രങ്ങൾ കൂടുതൽ കൂടുതൽ മനുഷ്യരെ പോലെ ആകുമ്പോൾ, മനുഷ്യർ ഹൃദയം ഇല്ലാത്ത യന്ത്രങ്ങൾ ആകുന്ന കാലത്താണ് നാം ഇന്ന് ജീവിക്കുന്നത്. ഉയർച്ച താഴ്ചകൾക്ക തീതമായ സ്നേഹമാണ് മാർക്സിസം എന്ന് കവി പറയും. ഞാനുമില്ല നീയുമില്ല, നമ്മളാകണം എന്ന് പാടും കവി. ഇതാണ് ക്രിസ്തുവും പറയുന്നത്. വാക്കിന്റെ മനുഷ്യർ മാത്രമല്ല, പ്രവർത്തിയുടെ മനുഷ്യർ ആകാൻ. അധരം മാത്രമുള്ള, ക്രൈസ്തവർ അല്ല, മറിച്ചു ക്രിസ്തുവിനോട് ചേർന്ന് നിൽക്കുന്ന ഹൃദയം കൂടിയുള്ള ക്രിസ്ത്യാനി ആകാൻ. ക്രിസ്തുവിന്റെ വാക്കുകൾ ഉദ്ധരിക്കുന്നവർ മാത്രം അല്ല, ആ വാക്കുകളിൽ പ്രവർത്തി കൂടി കണ്ടെത്തുന്നവർ ആകാൻ. ലോകത്തു സമ്പത്തു കൂടുമ്പോഴും, ദരിദ്രരും കൂടുന്നത്, ക്രിസ്തുവിന്റെ ഹൃദയത്തോട് ഹൃദയം ചേർത്ത് വയ്ക്കാൻ തയ്യാർ ഉള്ള മനുഷ്യർ കുറയുമ്പോ ആണ്.

സമ്പത്തിൽ അഭിരമിച്ചു കൊണ്ട് സ്വാർത്ഥൻ ആകുവാനും, അതോടൊപ്പം മതാനുഷ്ഠാനങ്ങളിൽ ജാഗ്രത ഉള്ളവനാകാനും എളുപ്പമാണ്. അത് മാത്രം കൊണ്ട് ഭൂമിയിൽ നീതിയും സമാധാനവും സംജാതമാകില്ല. അതിനു വേണ്ടത്, അപരനെ കാണാൻ കഴിവുള്ള മനുഷ്യരാണ്. അധരത്തിൽ നിന്നും ഹൃദയത്തിലേക്കുള്ള ദൂരം നടന്നു കയറുമ്പോഴാണ്, നല്ലൊരു ക്രിസ്ത്യാനി പിറക്കുന്നത്. നല്ലൊരു മനുഷ്യനും ജനിക്കും അപ്പോൾ. അവൻ മറ്റുള്ളവരെ പീഡിപ്പിക്കുന്ന ഹൃദയമില്ലാത്ത മതത്തിന്റെ പ്രചാരകൻ ആയിരിക്കില്ല, മറിച്ചു, സ്നേഹത്തിന്റെ മുദ്ര പതിപ്പിച്ച ക്രിസ്തുവിന്റെതുപോലുള്ള ഹൃദയം ഉള്ളവൻ ആയിരിക്കും.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com